പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3132 — 07/11/2019-ൽ മറുപടിക്ക്

## എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിലെ നിയമനം

**ചോദ്യം**

ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികൾ വർദ്ധിക്കുന്നതുമൂലം പുതുതായി രണ്ട് തസ്തിക ഉണ്ടാകുകയാണെങ്കിൽ അതിൽ ഒരെണ്ണം തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ നിയമിക്കുന്നതിന് സർക്കാരിന് നൽകണമെന്ന നിബന്ധനയുണ്ടോ എന്നറിയിക്കാമോ;

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ അദ്ധ്യായം 21 ചട്ടം 7 ലെ ഉപചട്ടങ്ങൾ (1),(2),(3) അനുസരിച്ച് എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിൽ 43/51A/51B അവകാശികൾക്ക് വിധേയമായി 1:1 അനുപാതത്തിൽ നിയമനം നടത്തണം.

(ബി) ഈ നിബന്ധന കേരള ഹൈക്കോടതി ശരിവച്ചിട്ടുണ്ടോ;

(ബി) ഈ നിബന്ധന ബഹു. കേരള ഹൈക്കോടതി യുടെ സിംഗിൾ ബഞ്ച് ശരിവെച്ചിട്ടുണ്ട്. ഇതിനെതിരെ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ പരിഗണനയിലാണ്.

(സി) ഇപ്രകാരം സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുവാൻ മാനേജ്മെന്റുകൾ തയ്യാറാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എന്ന് വ്യക്തമാക്കാമോ

(സി) 3-12-2016 ലെ ജി.ഒ (പി) നം. 199/2016/ പൊ.വി.വ പ്രകാരം കേരള വിദ്യാഭ്യാസചട്ടങ്ങളിൽ വരുത്തിയ ഭേദഗതിക്കെതിരെ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിൽ സമർപ്പിക്കപ്പെട്ട അപ്പീലിൽ 19-12-2017 ലെ തൽസ്ഥിതി തുടരുവാൻ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കേണ്ട ഒഴിവുകളിൽ അവരെ വിന്യസിക്കാനാകാത്ത അവസ്ഥ സംജാതമായിട്ടുണ്ട്.

(ഡി) ഇത്തരം സ്കൂളുകളിൽ അധിക തസ്തികകളിൽ മാനേജ്മെന്റുകൾ നിയമിച്ച അദ്ധ്യാപകർക്ക് സർക്കാർ അംഗീകാരം നൽകാത്തതുമൂലം അവർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം ഉണ്ടോ;

(ഡി) കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള 1:1 അനുപാതം പാലിക്കാതെ അധിക തസ്തികകളിൽ മാനേജർമാർ നിയമിച്ച അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകാത്തതുമൂലം ശമ്പളം ലഭിക്കാത്ത സാഹചര്യം ഉണ്ട്.

| | | | |
|---|---|---|---|
| (ഇ) | ഹൈക്കോടതി ഉത്തരവുണ്ടായിട്ടും സർക്കാർ ഉത്തരവ് നടപ്പിലാക്കാത്ത മാനേജ്മെന്റുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ? | (ഇ) | കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതി ഉത്തരവ് ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലായതിനാൽ പ്രസ്തുത കേസിലെ അന്തിമവിധി വരുന്നതുവരെ പുതിയ നടപടികളൊന്നും ആരംഭിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ